Uncorrected/Not for publication

01-07-2026
Overview – XVI KLA 1st Session

അവലോകനം

പതിനാറാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനം നടപടികൾ പൂർത്തീകരിച്ച് ഇന്ന് അവസാനിക്കുകയാണ്. തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ സത്യപ്രതിജ്ഞയോടെ ആരംഭിച്ച ഈ സമ്മേളനം 2026 മേയ് 21 മുതൽ ജൂലൈ 1 വരെയുള്ള കാലയളവിൽ ആകെ 13 ദിനങ്ങളാണ് സമ്മേളിച്ചത്. സ്പീക്കറുടെ തിരഞ്ഞെടുപ്പ്, ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗം, ഡെപ്യൂട്ടി സ്പീക്കറുടെ തിരഞ്ഞെടുപ്പ്, 2026-27 വർഷത്തെ പുതുക്കിയ ബജറ്റ് അവതരണം എന്നിവ ഈ സമ്മേളന കാലയളവിൽ നടന്നു. സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി സംബന്ധിച്ച ധവളപത്രം ബഹുമാനപ്പെട്ട മുഖ്യമന്ത്രി 04-06-2026-ന് മേശപ്പുറത്ത് വച്ചു.

2026-27 വർഷത്തെ പുതുക്കിയ ബജറ്റിലെ ഉപധനാഭ്യർഥനകളെ സംബന്ധിച്ച ധനവിനിയോഗ (മൂന്നാം നമ്പർ) ബില്ലും 2026-ലെ ധനകാര്യ (മൂന്നാം നമ്പർ) ബില്ലും ഈ സമ്മേളനത്തിൽ സഭ പാസ്സാക്കുകയുണ്ടായി.

കേരള നിയമസഭയുടെ അഭിപ്രായം ആരായുന്നതിനായി ബഹുമാനപ്പെട്ട രാഷ്ട്രപതി റഫർ ചെയ്ത The Kerala (Alteration of Name) Bill 2026 സഭ പരിഗണിക്കുകയും സഭയുടെ യോജിപ്പ് രേഖപ്പെടുത്തുകയും ചെയ്തു. കേരള നിയമസഭയുടെ ചരിത്രത്തിൽ ഇത്തരമൊരു റഫറൻസ് ആദ്യമാണ്.

ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കറുടെ ആവശ്യപ്രകാരം ഡെപ്യൂട്ടി സ്പീക്കർക്ക് ശ്രദ്ധക്ഷണിക്കൽ, സബ്മിഷൻ എന്നിവ അവതരിപ്പിക്കുന്നതിന് ചെയർ അനുമതി നൽകി.

കാര്യോപദേശക സമിതി, 14 സബ്ജക്ട് കമ്മിറ്റികൾ, 4 ധനകാര്യ സമിതികൾ എന്നിവ ഈ കാലയളവിൽ രൂപീകരിക്കുകയുണ്ടായി. കാര്യോപദേശക സമിതിയുടെ രണ്ട് റിപ്പോർട്ടുകൾ സഭ പരിഗണിക്കുകയും അംഗീകാരം നൽകുകയും ചെയ്തു.

16-ാം കേരള നിയമസഭയിലെ അംഗങ്ങൾക്കായി 2026 ജൂൺ 17, 18 എന്നീ തീയതികളിൽ പരിശീലന പരിപാടി സംഘടിപ്പിക്കുകയും അംഗങ്ങൾ വളരെ താൽപര്യപൂർവം പരിശീലനത്തിൽ പങ്കെടുക്കുകയും ചെയ്തു. അംഗങ്ങൾക്കായി തുടർ

പരിശീലന പരിപാടികൾ സംഘടിപ്പിക്കാൻ ചെയർ തീരുമാനിക്കുകയാണ്.

സമ്മേളന കാലയളവിൽ ചട്ടം 50 പ്രകാരമുള്ള ഒൻപത് നോട്ടീസുകൾ ലഭിച്ചതിൽ ബന്ധപ്പെട്ട മന്ത്രിയുടെ മറുപടിയ്ക്കുശേഷം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട അടിയന്തര പൊതുപ്രാധാന്യമില്ലാത്തതിനാൽ അനുമതി നിഷേധിച്ചു.

18 ശ്രദ്ധക്ഷണിക്കൽ നോട്ടീസുകൾ സഭയിൽ അവതരിപ്പിക്കുകയും മന്ത്രിമാർ മറുപടി നൽകുകയും ചെയ്തു. 83 സബ്മിഷനുകൾ ഉന്നയിക്കപ്പെടുകയും മന്ത്രിമാർ മറുപടി നൽകുകയും ചെയ്തു.

ചട്ടം 300 പ്രകാരം ബഹുമാനപ്പെട്ട വൈദ്യുതി, പരിസ്ഥിതി-പാർലമെന്ററികാര്യ വകുപ്പുമന്ത്രി സഭയിൽ പ്രസ്താവന നടത്തുകയുണ്ടായി.

ചട്ടം 118 പ്രകാരം Foreign contribution (Regulation) Act-ലേയും ചട്ടങ്ങളിലേയും ഭേദഗതികൾ റദ്ദാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്ന ഉപക്ഷേപം ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിക്കുകയും സഭ പാസ്സാക്കുകയും ചെയ്തു. ചട്ടം 118 പ്രകാരം നീറ്റ് പരീക്ഷയുമായി ബന്ധപ്പെട്ട് ദേശീയ പരീക്ഷാ സംവിധാനം സമഗ്രമായി പരിഷ്കരിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്ന പ്രമേയം ബഹുമാനപ്പെട്ട ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രി അവതരിപ്പിക്കുകയും സഭ പാസ്സാക്കുകയും ചെയ്തു.

ഒന്നാം സമ്മേളനത്തിൽ 2026 ജൂൺ 22 മുതൽ ജൂലൈ 1 വരെയുള്ള 6 ചോദ്യ ദിവസങ്ങളിൽ നക്ഷത്രചിഹ്നമിട്ടതും നക്ഷത്രചിഹ്നമിടാത്തതുമായ ആകെ 1905 ചോദ്യങ്ങൾക്കുള്ള നോട്ടീസുകളാണ് ലഭിച്ചത്. ഇതിൽ 31 എണ്ണം വിവിധ കാരണങ്ങളാൽ നിരസിക്കുകയും 16 എണ്ണം പിൻവലിക്കുകയും ചെയ്തിട്ടുണ്ട്. ശേഷിച്ചവയിൽ 180 എണ്ണം നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ലിസ്റ്റിലും 1677 എണ്ണം നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ലിസ്റ്റിലുമുൾപ്പെടുത്തി ആകെ 1857 ചോദ്യങ്ങൾ അച്ചടിച്ചു. ഇതിൽ നക്ഷത്രചിഹ്നമിട്ട 180 ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 1069 ചോദ്യങ്ങൾക്കും ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർ ഈ സമ്മേളനകാലത്ത് തന്നെ ഉത്തരം ലഭ്യമാക്കിയിട്ടുണ്ട്. 608 ചോദ്യങ്ങൾക്കുള്ള മറുപടി ഇനിയും ലഭിക്കേണ്ടതുണ്ട്.

ചോദ്യോത്തരവേളകളിൽ 25 ചോദ്യങ്ങൾ വാക്കാൽ മറുപടി നൽകുന്നതിനായി പരിഗണിക്കുകയും 210 ഉപചോദ്യങ്ങൾ ഉന്നയിക്കപ്പെടുകയും ചെയ്തിട്ടുണ്ട്.

പതിമൂന്ന് മുതൽ പതിനഞ്ച് വരെയുള്ള കേരള നിയമസഭയുടെ വിവിധ സമ്മേളനങ്ങളിൽ മറുപടിയോ അന്തിമ മറുപടിയോ ലഭ്യമാക്കാതിരുന്ന ചോദ്യങ്ങളിൽ 827 എണ്ണത്തിന്റെ ഉത്തരം ചട്ടം 47(2) പ്രകാരം കാലതാമസപത്രിക സഹിതം ഈ സമ്മേളന കാലത്ത് സഭയിൽ സമർപ്പിക്കുകയുണ്ടായി.

താഴെപ്പറയുന്ന മന്ത്രിമാർ ഈ സമ്മേളനത്തിലെ എല്ലാ ചോദ്യങ്ങൾക്കും ഇതിനകം മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ബഹുമാനപ്പെട്ട ഭക്ഷ്യ-പൊതു വിതരണ വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട വൈദ്യുതി, പരിസ്ഥിതി-പാർലമെന്ററികാര്യ വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട പട്ടികജാതി, പട്ടികവർഗ്ഗ-പിന്നോക്ക ക്ഷേമ വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട വനം, വന്യജീവി-നൈപുണ്യ വികസന വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട ജലവിഭവ-ഭവനനിർമ്മാണ വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട തൊഴിൽ, മൃഗസംരക്ഷണ-വനിതാ ശിശു വികസന വകുപ്പുമന്ത്രി ഇവരെയെല്ലാം ഈ സഭയ്ക്കുവേണ്ടി അനുമോദിക്കുകയാണ്.

നിയമസഭ ചോദ്യങ്ങൾക്ക് യഥാസമയം മറുപടി ലഭ്യമാക്കുന്നതിൽ എല്ലാ മന്ത്രിമാരും ഈ മാതൃക സ്വീകരിക്കേണ്ടതാണ്. ഒരിക്കൽക്കൂടി അത് അഭ്യർഥിക്കുകയും ചെയ്യുകയാണ്. ഇനിയും മറുപടി നൽകാനുള്ള എല്ലാ ചോദ്യങ്ങൾക്കും പൂർണ്ണമായ മറുപടി ചട്ടം അനുശാസിക്കുന്ന വിധം യഥാസമയം ലഭ്യമാക്കാൻ ശ്രദ്ധിക്കണമെന്നും ചെയർ ഓർമ്മിപ്പിക്കുന്നു.

സഭയുടെ ഒന്നാം സമ്മേളന നടപടികൾ വിജയിപ്പിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ബഹുമാനപ്പെട്ട മന്ത്രിമാർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്, വിവിധ കക്ഷി നേതാക്കൾ, മറ്റ് സഭാംഗങ്ങൾ എന്നിവർ കാണിച്ച സഹകരണത്തിന് നന്ദി രേഖപ്പെടുത്തുന്നു. അതുപോലെ സമ്മേളനം വിജയിപ്പിക്കാനാവശ്യമായ സഹായ സഹകരണം നൽകിയ നിയമസഭാ സെക്രട്ടേറിയറ്റിലെയും ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ നിയമവകുപ്പ് ഉൾപ്പെടെയുള്ള വകുപ്പുകളിലെയും ഇതര വകുപ്പുകളിലെയും ഉദ്യോഗസ്ഥർ, പേഴ്സണൽ സ്റ്റാഫ് അംഗങ്ങൾ,

പത്ര-ദൃശ്യ- മാധ്യമപ്രവർത്തകർ, വിവിധ സേനാ ഉദ്യോഗസ്ഥർ മറ്റുദ്യോഗസ്ഥർ എന്നിവർക്കും ചെയർ നന്ദി രേഖപ്പെടുത്തുകയാണ്.

വനം, വന്യജീവി-നൈപുണ്യ വികസന വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, സഭ നല്ല രീതിയിൽ നടന്നതിലുള്ള സന്തോഷം അങ്ങ് പ്രകടിപ്പിച്ചതിനോട് ഞങ്ങളും യോജിക്കുന്നു. അടുത്ത സമ്മേളനത്തിലെങ്കിലും അങ്ങ് സന്ദർശകർക്ക് കുറച്ച് നിയന്ത്രണം ഏർപ്പെടുത്തണം. പുതിയ എം.എൽ.എ.-മാരടക്കം നാട്ടിൽനിന്ന് വരുന്ന എല്ലാവരെയും കൊണ്ടുവരാൻ ശ്രമിക്കും. എനിക്ക് ഇന്ന് വോട്ടിംഗിനെത്താൻ സാധിച്ചില്ല. ഓടിവന്നപ്പോൾ കോറിഡോർ നിറഞ്ഞ് ആളുകൾ നിൽക്കുന്ന സാഹചര്യമായിരുന്നു. ബെല്ലിന്റെ ഡ്യൂറേഷനും കുറവായിരുന്നു. പ്രസ്തുത സാഹചര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

മി. സ്പീക്കർ: അങ്ങ് ഇത് സൂചിപ്പിച്ചത് നന്നായി. പത്ത് വർഷത്തിനുശേഷം 22 മന്ത്രിമാരെയും ട്രഷറി ബഞ്ചിൽ കാണുന്നതിന് നമ്മുടെ പ്രവർത്തകർക്ക് ലഭിച്ച ആദ്യത്തെ അവസരമെന്നുള്ള നിലയിൽ സന്ദർശകർ കൂടുതലായിരുന്നു. ആര് വിചാരിച്ചാലും അത് നിയന്ത്രിക്കാൻ സാധിക്കില്ല. എന്നെ കാണാൻ വരുന്നവർക്ക് ഒരു മഞ്ഞ പാസ് നൽകി സ്പീക്കേഴ്സ് ഗ്യാലറിയിൽ 'സ്പീക്കേഴ്സ് ഡെസ്ക്' എന്ന സംവിധാനം ഒരുക്കിയിരുന്നു. അത്രയും സഹായമാണ് എനിക്ക് ചെയ്യാൻ സാധിച്ചത്. പ്രത്യേകിച്ച് പുതിയ എം.എൽ.എ.-മാരുടെ കൂടെവരുന്ന സന്ദർശകർ കൂടുതലുണ്ടാകും. അവർ കയറിവരുമ്പോൾ എം.എൽ.എ.-മാർക്കും നമുക്കും അവരെ തടയാൻ സാധിക്കില്ല. കാരണം ഒരു ഉത്സവ പ്രതീതിയോടുകൂടിയാണ് അവർ തിരുവനന്തപുരത്തേയ്ക്ക് വരുന്നത്. എം.എൽ.എ.-യേയും തിരുവനന്തപുരവും സഭയും കാണാമെന്ന സന്തോഷത്തോടെ ഒരു ഉല്ലാസയാത്രയുടെ ഭാഗമായാണ് അങ്ങ് ഇവിടെ സൂചിപ്പിച്ച സാഹചര്യമുണ്ടായത്. സഭയുടെ അടുത്ത സമ്മേളനകാലത്ത് കുറച്ചുകൂടി പ്രായോഗികമായ നിയന്ത്രണമുണ്ടാകുമെന്ന് ഓർമ്മിപ്പിക്കുകയാണ്.

ഓർഡർ ..... ഓർഡർ ..... സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നു.

(പതിനാറാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനം 2026 ജൂലൈ മാസം 1-ാം തീയതി ബുധനാഴ്ച വൈകുന്നേരം 4.21-ന് ദേശീയ ഗാനാലാപനത്തോടെ അനിശ്ചിത കാലത്തേയ്ക്ക് പിരിഞ്ഞു.)